## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1246

**20.01.2014-ൽ മറുപടിയ്ക്ക്**

## കിഴക്കെചാലക്കുടി വില്ലേജിലെ സർവ്വെ നമ്പർ 508/5-ൽപ്പെട്ട സ്ഥലം

| ചോദ്യം<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) ചാലക്കുടി നഗരസഭയിൽപ്പെട്ട കിഴക്കെചാലക്കുടി വില്ലേജിലെ സർവ്വെ നമ്പർ 508/5-ൽപ്പെട്ട സ്ഥലം ബേസിക് ടാക്സ് രജിസ്റ്റർ പ്രകാരം ഏത് തരത്തിൽപ്പെട്ട ഭൂമിയാണെന്ന് വ്യക്തമാക്കാമോ; | എ) മുകുന്ദപുരം താലൂക്കിൽ കിഴക്കെ ചാലക്കുടി വില്ലേജിൽ സർവ്വെ നമ്പർ 508/5-ൽപ്പെട്ട സ്ഥലം ബേസിക് ടാക്സ് രജിസ്റ്റർ പ്രകാരം പുരയിടം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| ബി) പ്രസ്തുത ഭൂമി ഫ്ളാറ്റ് പണിയുന്നതിനായി കരഭൂമിയായി മാറ്റിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | ബി) പ്രസ്തുത ഭൂമി പുരയിടം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മറ്റ് അനുമതികൾ ആവശ്യമില്ലാത്തതാണ്. |
| സി) ഇതിനായി വെറ്റ്ലാന്റ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ .